"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ജലവിഭവ വകുപ്പ്- ജീവനക്കാര്യം- ശ്രീ.ജയൻ.പി, രണ്ടാംതരം ഓവർസിയർ സർക്കാരിലേക്ക് തിരിച്ചടച്ച അധിക തുക തിരികെ നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ജലവിഭവ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.570/2024/WRD തീയതി,തിരുവനന്തപുരം, 25-07-2024

പരാമർശം:- 1. 24/4/2023 ൽ ശ്രീ.ജയൻ.പി, രണ്ടാംതരം ഓവർസിയർ ഗ്രേഡ്-2 സമർപ്പിച്ച അപേക്ഷ

2. ചീഫ് എഞ്ചിനീയർ (ഐ ആന്റ് എ) യുടെ 10/11/2023, 16/4/2024 തീയതികളിലെ എ5/67693/2023 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തൃശ്ശൂർ ഫീൽഡ് സ്റ്റഡീസ് സർക്കിൾ കാര്യാലയത്തിലെ രണ്ടാംതരം ഓവർസിയറായിരുന്ന ശ്രീ.ജയൻ പി. 31/05/2023-ന് സർവ്വീസിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ച് കിട്ടുന്നതിനായി അക്കൗണ്ടന്റ് ജനറൽ, തിരുവനന്തപുരത്തിന് അംഗീകാരത്തിനായി സമർപ്പിച്ചപ്പോൾ ടിയാന് അനുവദിച്ച് നൽകിയ ശമ്പള പുനർനിർണ്ണയത്തിൽ അപാകതയുണ്ടെന്നും ആയത് പുനർ നിർ ണ്ണയിക്കണമെന്ന് അക്കൗണ്ടന്റ് ജനറൽ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ശമ്പളം പുനർനിർണ്ണയിക്കുകയും 3,15,224/-രൂപ അധികമായി നൽകിയിട്ടുള്ളതായി കണ്ടെത്തുകയും ടി തുക സർക്കാരിലേയ്ക്ക് ഇ-ട്രഷറി വഴി തിരിച്ചടച്ചുവെന്നും എന്നാൽ ബഹു. സുപ്രീംകോടതിയുടെ സിവിൽ അപ്പീൽ നം 11527/2014, SLP(C)No.11684 of 2012 പ്രകാരമുള്ള വിധിയനുസരിച്ച് അധികമായി കൈപ്പറ്റിയ തുക തിരിച്ചടയ്ക്കുവാൻ ബാധ്യതയില്ലായെന്ന് കാണിച്ച് ശ്രീ.ജയൻ പി പരാമർശം ഒന്ന് പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം രണ്ട് പ്രകാരം ചീഫ് എഞ്ചിനീയർ (ഐ ആന്റ് എ) സർക്കാരിന് സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. റിട്ടയർ ചെയ്ത

സമയത്ത് രണ്ടാം ഗ്രേഡ് ഓവർസിയർ തസ്തികയിലായിരുന്ന ശ്രീ. ജയൻ.പി യെ സംബന്ധിച്ച് 3,15,000/- എന്നത് ചെറിയ തുകയല്ല എന്നും ടിയാന് Fraud/ Misrepresentation എന്നിവ ചെയ്താണ് പ്രസ്തുത തുക ലഭിച്ചിട്ടുള്ളത് എന്ന് കണ്ടെത്തിയിട്ടില്ലാത്തതിനാലും ശ്രീ. ജയൻ പി. തിരിച്ചടച്ച തുകയായ 3,15,000/- രൂപ ( മൂന്ന് ലക്ഷത്തി പതിനയ്യായിരം രൂപ മാത്രം) ടിയാന് തിരിച്ച് നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SUVENI R V

അണ്ടർ സെക്രട്ടറി

ചീഫ് എഞ്ചിനീയർ (ഐ ആന്റ് എ) , തിരുവനന്തപുരം

ശ്രീ. ജയൻ.പി, രണ്ടാംതരം ഓവർസിയർ (Rtd.)
(ചീഫ് എഞ്ചിനീയർ (ഐ ആന്റ് എ) , തിരുവനന്തപുരം മുഖാന്തിരം )

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ ( എ ആന്റ് ഇ) കേരള, തിരുവനന്തപുരം /തൃശ്ശൂർ

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് ആന്റ് ന്യൂ മീഡിയ)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Sunithakumary S
Date: 25-07-2024 11:54:22

സെക്ഷൻ ഓഫീസർ